# മലങ്കര മാർത്തോമ്മാ സഭ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് പ്രസിഡന്റ്
# ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായിൽ നിന്നും

കല്പന നമ്പർ : 614/2025

കർത്താവിൽ പ്രിയരെ

ക്രിസ്തുയേശുവിൽ വന്ദനം

യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവസ്നേഹത്തിന്റെ നിദർശനമായി വികസന ആശയങ്ങൾ ആവിഷ്കരിച്ച് കാലോചിതമായി നടപ്പിലാക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടുകൂടി 1977 ൽ രൂപം നൽകിയ പ്രസ്ഥാനമാണ് മലങ്കര മാർത്തോമ്മാ സഭ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്. 2023 മുതൽ സഭയുടെ ഔദ്യോഗിക സംഘടനയായി അംഗീകരിക്കുകയും 10 ഭദ്രാസനങ്ങളിലായി 310 ഇടവകകളിൽ വികസനസംഘം പ്രവർത്തിച്ചുവരുന്നു. **2025 ജൂലൈ മാസം 14 തിങ്കൾ മുതൽ 20 ഞായർ വരെ വികസനവാരമായും ജൂലൈ 20 വികസന ഞായറായും ആചരിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നു.** അന്നേ ദിവസം ആരാധനയിൽ വികസനസംഘം പ്രവർത്തകർക്ക് പങ്കാളിത്തം നൽകി ആരാധന, വചന ശുശ്രൂഷ എന്നിവ ക്രമീകരിക്കുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുന്നു. ചൂഷണത്തിന്റെയും, അനീതിയുടെയും കെട്ടുപാടുകളിൽ വീണുപോയവരോട് ചേർന്ന് നിൽക്കുവാനും ജീവനെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിൽ പങ്കുചേരുവാനുമാണ് വികസനസംഘംവാരാഘോഷത്തിലൂടെ സഭ ലക്ഷ്യമിടുന്നത്.

കാലാവസ്ഥാ വ്യതിയാനത്തിന്റെയും, പ്രകൃതിനശീകരണത്തിന്റെയും, ലഹരിയുടെയും പിടിയിലമർന്നിരിക്കുന്ന സമൂഹത്തിൽ ദരിദ്രരുടെയും, പുറംതള്ളപ്പെടുന്നവരുടെയും എണ്ണം അനുദിനം വർദ്ധിച്ചുവരുന്നു. ഈ പ്രതിഭാസത്തെ തടയുന്നതിനും, ജീവന്റെ ശ്രേഷ്ഠത ഉറപ്പാക്കാനുമുള്ള ഒരു ബദൽ സംവിധാനം പ്രാദേശിക ഇടവകകളിലൂടെ ഒരുക്കുന്നതിന് നാം ശ്രമിക്കേണ്ടതാണ്. ഈ വർഷത്തെ പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്ന **“സുസ്ഥിരവികസനം പ്രാദേശിക തലങ്ങളിൽ”** എന്ന വിഷയത്തെ അധികരിച്ചുള്ള പഠന ക്ലാസ്സുകൾ ക്രമീകരിക്കേണ്ടതിന് ശ്രദ്ധിക്കണം. സുസ്ഥിരവികസനം എന്നത് ദൈവരാജ്യദർശനവും അതിനായുള്ള പരിശ്രമങ്ങൾ ദൈവരാജ്യ ശുശ്രൂഷയുമാണ്. ഈ വർഷത്തെ കേന്ദ്രവികസനസംഘത്തിന്റെ കേന്ദ്രതലത്തിലുള്ള പ്രവർത്തന ഉദ്ഘാടനവും, വികസനവാരത്തിന്റെ ഔപചാരികമായ ഉദ്ഘാടനവും **2025 ജൂലൈ മാസം 19-ാം തീയതി ശനിയാഴ്ച വൈകിട്ട് 4 മണിക്ക് ഇരവിപേരൂർ ഇമ്മാനുവേൽ മാർത്തോമ്മാ പള്ളിയിൽ** നടത്തുന്നതാണ്. **പ്രസിഡന്റ് അഭിവന്ദ്യ ഡോ. യൂയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലിത്ത അദ്ധ്യക്ഷത വഹിക്കുന്നതും മലങ്കര മാർത്തോമ്മാ സഭ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം നിർവ്വഹിക്കുന്നതുമാണ്.**

2025 മെയ് 1 മുതൽ വികസനസംഘം പുതിയ ജനറൽ സെക്രട്ടറിയായി റവ. ഷിബു സാമുവൽ ചുമതലയിൽ പ്രവേശിച്ചു. വൈസ് പ്രസിഡന്റ് മോഡി പി. ജോർജ്ജ് പത്തിയൂർ, ട്രഷറാർ അഡ്വ. ബിനു വി. ഈപ്പൻ എന്നിവർ ഉൾപ്പെട്ട 29 അംഗ മാനേജിംഗ് കമ്മറ്റിയും പ്രവർത്തിച്ചുവരുന്നു.

2025 ജൂലൈ മാസം 20-ാം തീയതി ലഭിക്കുന്ന സ്തോത്രകാഴ്ചയുടെ ഒരു ഭാഗം കേന്ദ്ര വികസന വിഭാഗം പ്രവർത്തനങ്ങൾക്കായി നൽകുന്നത് സഹായകരമായിരിക്കും. തിരുവല്ലയിലുള്ള സൗത്ത് ഇന്ത്യൻ ബാങ്കിന്റെ A/c No.0079053000006042 IFSC CODE -SIBL0000079 എന്ന അക്കൗണ്ട് നമ്പരിലേക്കോ, കേന്ദ്രവികസനസംഘത്തിന്റെ ഓഫിസിലോ നൽകാവുന്നതാണ്.

ഇടവകവികസനസംഘം രൂപീകരിക്കാത്ത ഇടവകകൾ, വികാരിയുടെ നേതൃത്വത്തിൽ വികസനസംഘം രൂപീകരിച്ച് കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുവാൻ ഉൽസാഹിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

കർത്താവേശുമശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

എന്ന് ക്രിസ്താബ്ദം 2025 ജൂൺ 25-ാം തീയതി ചെങ്ങന്നൂർ ഒലിവറ്റ് അരമനയിൽ നിന്നും

RT. REV. DR. EUYAKIM MAR COORILOS SUFFRAGAN METROPOLITAN
MALANKARA MAR THOMA SYRIAN CHURCH
LIGHTED TO LIGHTEN
DEVELOPMENT DEPARTMENT

**ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത**
(പ്രസിഡന്റ്, മലങ്കര മാർത്തോമ്മാ സഭ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്)

**MALANKARA MARTHOMA SABHA DEVELOPMENT DEPARTMENT**
**MARTHOMA SABHA OFFICE, THIRUVALLA - 689101, KERALA, INDIA.**
**Phone : 0469-2630872, E-mail : mtdevdpt@gmail.com**

Patron : **Most Rev. Dr. Theodosius Mar Thoma Metropolitan**
President : **Rt. Rev. Dr. Euyakim Mar Coorilos Suffragan Metropolitian** General Secretary : **Rev. Shibu Samuel**
Vice - President : **Mr. Modi P. George Pathiyoor** Treasurer : **Adv. Binu V. Eappen**

Ref. No. Dev. 21 / 2025 Date : 26-06-2025

പ്രിയ അച്ചൻ/സാർ/മാഡം,

മലങ്കര മാർത്തോമ്മാ സഭ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന വികസനവാരം **2025 ജൂലൈ മാസം 14 തിങ്കൾ മുതൽ 20 ഞായർ** വരെ ആചരിക്കുന്നതിന് കേന്ദ്ര മാനേജിംഗ് കമ്മറ്റി തീരുമാനിച്ചിരിക്കുന്നു. ഇതിന്റെ ഔപചാരികമായ ഉദ്ഘാടനവും കേന്ദ്രതല പ്രവർത്തന ഉദ്ഘാടനവും **2025 ജൂലൈ മാസം 19–ാം തീയതി ശനിയാഴ്ച വൈകിട്ട് 4 മണിക്ക് ഇരവിപേരൂർ ഇമ്മാനുവേൽ മാർത്തോമ്മാ പള്ളിയിൽ** നടത്തപ്പെടുന്നതാണ്. മലങ്കര മാർത്തോമ്മാ സഭ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് പ്രസിഡന്റ് **അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ** അദ്ധ്യക്ഷത വഹിക്കുന്നതും **മലങ്കര മാർത്തോമ്മാ സഭ പരമാദ്ധ്യക്ഷനും ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് രക്ഷാധികാരിയുമായ മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത** ഉദ്ഘാടനം ചെയ്യുന്നതാണ്. ഈ മീറ്റിംഗിൽ എല്ലാ ഇടവക വികാരിമാരും കമ്മറ്റി അംഗങ്ങളും ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് ചുമതലക്കാരും പ്രവർത്തകരും വന്ന് സംബന്ധിക്കേണമേ.

എന്ന് സ്നേഹപൂർവ്വം,

**റവ. ഷിബു സാമുവൽ**
ജനറൽ സെക്രട്ടറി

---

**ഈ കത്ത് പള്ളിയിൽ പരസ്യപ്പെടുത്തണമേ.**

## മലങ്കര മാർത്തോമ്മാ സഭ
## ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്

# വികസന വാരം 2025 : ജൂലൈ 14–20
# വികസന ഞായർ : ജൂലൈ 20

### ആരാധനാക്രമം

**(മാർത്തോമ്മാ മെത്രാപ്പോലീത്താ അംഗീകരിച്ചത്)**

**ആരാധനാഹ്വാനം**

*"ഞാൻ പൂർണ്ണ ഹൃദയത്തോടെ യഹോവയെ സ്തുതിക്കും: നിന്റെ അത്ഭുതങ്ങളെ ഒക്കെയും ഞാൻ വർണ്ണിക്കും." (സങ്കീ.9:1)*

**കൗമ്മാ :**

### മഹത്വീകരണം

**ലീഡർ** : സകലത്തിന്റെയും സൃഷ്ടാവും പരിപാലകനുമായ ദൈവമേ, നിന്റെ ദയയാലും കൃപയാലും ഞങ്ങളെ നീ സൃഷ്ടിച്ചു. സ്നേഹവാനായ ദൈവമെ നിന്റെ സന്നിധിയിലേക്ക് അടുത്തു വന്ന് നിന്നെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. നിന്റെ സ്നേഹം ഞങ്ങളുടെ ജീവിത വഴികളിൽ കൂടെയിരുന്നു വഴിനടത്തുന്നുവല്ലോ. നിന്റെ കൃപയും കരുണയും കാവലും ഒപ്പമുള്ളതിനാൽ നിന്നെ ഞങ്ങൾ വന്ദിക്കുന്നു. ദൈവമെ സൃഷ്ടികൾക്ക് പ്രകാശമായി, ഞങ്ങളുടെ സാമൂഹ്യ ഇടങ്ങളിൽ രൂപാന്തരത്തിന്റെ ദൂതായി കടന്നുവരേണമേ. വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും, അസമത്വത്തിന്റെയും ഇടങ്ങളിൽ സൃഷ്ടിക്ക് സാന്ത്വനമായി വെളിപ്പെട്ടതിന് സ്തോത്രം. സൂഷ്മതയോടെ ഈ ലോകത്തിൽ പ്രവർത്തിപ്പാൻ ഞങ്ങളെ ശക്തരാക്കുന്ന അവിടുത്തെ പരിശുദ്ധാത്മ സാന്നിദ്ധ്യത്തിനായി സ്തോത്രം. ഈ ആരാധനയിലൂടെ നിന്നെ മഹത്വപ്പെടുത്തുവാൻ ഞങ്ങളെ ശക്തരാക്കേണമേ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ തന്നെ..... ആമേൻ.

## അനുതാപപ്രാർത്ഥന

*"യഹോവ കരുണയും കൃപയും നിറഞ്ഞവൻ ആകുന്നു. അവൻ നമ്മുടെ പാപങ്ങൾക്കൊത്തവണ്ണം നമ്മോടു ചെയ്യുന്നില്ല. നമ്മുടെ അകൃത്യ ങ്ങൾക്കു ഒത്തവണ്ണം നമ്മോടു പകരം ചെയ്യുന്നതുമില്ല".*

**പ്രതിവാക്യം: ഞങ്ങളോട് ക്ഷമിക്കേണമേ.**

**ലീഡർ** : ദൈവമെ വികലമാക്കപ്പെട്ട വികസനങ്ങൾകൊണ്ടും, കാലാവസ്ഥ വ്യതിയാനം മൂലവും, സകല ചരാചരങ്ങളുടെയും ജീവനും നിലനിൽപ്പും അപകടത്തിൽ ആയിരിക്കുന്നു. ശത്രു തയും തർക്കങ്ങളും സർവ്വ സാധാരണമായി മാറുന്നു. ഈ യാഥാർത്ഥ്യം ഞങ്ങളുടെ വ്യക്തി ജീവിതങ്ങളെയും സാമൂഹ്യ ജീവിതത്തെയും സഭാ ജീവിതത്തെയും കീഴ്പ്പെടുത്തുന്നു. വികലമായ ഈ ജീവിതദർശനത്തെ ദൈവമെ...

**ജനം : ഞങ്ങളോട് ക്ഷമിക്കേണമേ.**

**ലീഡർ** : നിലനിൽക്കുന്നതും, നീതിപൂർവ്വവും, സമഗ്രവുമായ വികസനം ലാക്കാക്കി പൊതുസമൂഹത്തിലെ ബലഹീനരായ വരുടെ വളർച്ചക്കും, സ്വയംപര്യാപ്തതക്കുമായി പ്രവർത്തിക്കാ തിരുന്ന ഞങ്ങളുടെ കുറവിനെ ദൈവമെ...

**ജനം : ഞങ്ങളോട് ക്ഷമിക്കേണമേ.**

**ലീഡർ** : മാലിന്യമുക്തമായ ഭൂമിയ്ക്ക് ഉത്തരവാദിത്വപൂർണ്ണമായ വിശ്വാസ ജീവിതത്തിലേക്ക് നീ ഞങ്ങളെ വിളിക്കുമ്പോൾ, അത്തരം വിളികളെ മറന്ന് അലസമായി ജീവിച്ചുപോയ ഞങ്ങ ളുടെ കുറവുകളെ ദൈവമെ...

**ജനം : ഞങ്ങളോട് ക്ഷമിക്കേണമേ.**

## സ്തോത്ര പ്രാർത്ഥന

"യഹോവയ്ക്ക് സ്തോത്രം ചെയ്വിൻ അവൻ നല്ലവനല്ലോ; അവന്റെ ദയ എന്നേക്കുമുള്ളത്." (സങ്കീ. 136:1)

**പ്രതിവാക്യം: ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.**

**ലീഡർ** :ദൈവമെ പൊതുഇടങ്ങളിൽ ജീവന്റെ പൂർണ്ണതയ്ക്കായി ചെയ്യുന്ന സുസ്ഥിര വികസന പ്രവർത്തനങ്ങൾക്കായി, പ്രത്യേ കമായി പുറം തള്ളപ്പെടുന്നവരെയും, ദരിദ്രരെയും ചേർത്തു പിടിക്കുകയും, നീതിപൂർവ്വമായ സാമൂഹ്യ ഇടത്തിനുവേണ്ടി

പ്രവർത്തിക്കുകയും ചെയ്യുന്ന മലങ്കര മാർത്തോമ്മാ സുറിയാനി സഭയെയും എല്ലാ പ്രസ്ഥാനങ്ങളെയും, പ്രവർത്തകരേയും ഓർത്ത് ദൈവമെ...

**ജനം** : **ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു...**

**ലീഡർ** : ദൈവമായ കർത്താവേ, 1977-ൽ സ്ഥാപിതമായ മലങ്കര മാർത്തോമ്മാ സഭാ ഡവലപ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ വിവിധ കാലഘട്ടങ്ങളിൽ നേതൃത്വം നല്കിയവരെ ഓർക്കുന്നു. ഈ സംഘടനകളുടെ രക്ഷാധികാരിയായി ശക്തമായ നേതൃത്വം നൽകികൊണ്ടിരിക്കുന്ന അഭിവന്ദ്യ ഡോ. തിയൊഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത, പ്രസിഡന്റായിരിക്കുന്ന അഭിവന്ദ്യ യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ, മറ്റ് തിരുമേനിമാർ, വികാരി ജനറാൾമാർ, വികാരിമാർ, ജനറൽ സെക്രട്ടറി, മാനേജിംഗ് കമ്മറ്റി, ജനറൽ ബോഡി അംഗങ്ങൾ, ഓഫീസ് സ്റ്റാഫ്, കേന്ദ്രം, ഭദ്രാസനം, സെന്റർ, ഇടവക തലങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന പ്രവർത്തകർ എന്നിവരുടെ സേവനങ്ങൾക്കായി ദൈവമേ...

**ജനം** : **ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു...**

## മദ്ധ്യസ്ഥ പ്രാർത്ഥന

**പ്രതിവാക്യം: ദയതോന്നി ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ**

**ലീഡർ** : സുസ്ഥിരവികസനം പ്രാദേശിക തലങ്ങളിൽ എന്ന വിഷയത്തെ അധികരിച്ച് ഈ വർഷം നടത്തുവാൻ ആഗ്രഹിക്കുന്ന എല്ലാ പ്രവർത്തനങ്ങളെയും ഓർത്ത് പ്രാർത്ഥിക്കാം.

**ജനം** : **ദയതോന്നി ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ**

**ലീഡർ** : കേന്ദ്ര, ഭദ്രാസന, സെന്റർ, ഇടവക തലങ്ങളിൽ നടത്തപ്പെടുന്ന പ്രവർത്തനങ്ങളെയും, പ്രവർത്തകരെയും ഓർത്ത് പ്രാർത്ഥിക്കാം.

**ജനം** : **ദയതോന്നി ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ**

**ലീഡർ** : ഇടവക വികസന സംഘങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വികസന സമിതികളെയും, അവയിൽ ഉൾപ്പെട്ട അംഗങ്ങളെയും ഓർത്ത് പ്രാർത്ഥിക്കാം.

**ജനം** : **ദയതോന്നി ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ**

## സമർപ്പണ പ്രാർത്ഥന

(എല്ലാവരും ഒരുമിച്ച്)

തകരുന്ന സാമൂഹ്യ ഇടങ്ങളിൽ ജീവന്റെ ശ്രേഷ്ഠതയെ പൂർണ്ണമാക്കുന്ന നാഥാ - നിന്നിൽ നിന്നും ലഭിച്ചിട്ടുള്ള എല്ലാ ദാനങ്ങളും - ഫലപ്രദമായി വിനിയോഗിക്കുവാനും - പങ്കുവയ്ക്കുവാനും - ഞങ്ങൾക്ക് ഇടയാക്കേണമേ. ഞങ്ങളുടെ സാമൂഹ്യ ഇടങ്ങളിൽ എളിയവരെ കരുതുവാനും - ദരിദ്രരെ സംരക്ഷിക്കുവാനും - സഹോദരങ്ങളെ അതിരുകളില്ലാതെ സ്നേഹിക്കുവാനും ഞങ്ങളെ യോഗ്യരാക്കേണമേ. ഞങ്ങളുടെ സാമൂഹ്യ ഇടങ്ങളിൽ ജീവന്റെ ശ്രേഷ്ഠതയ്ക്കും സമാധാനത്തിനും നീതിക്കുവേണ്ടിയുള്ള എല്ലാ പരിശ്രമങ്ങളിലും - വികസന പ്രവർത്തനങ്ങളിലും - പങ്കാളികളാകുവാനും ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ. ആമേൻ.

# മലങ്കര മാർത്തോമ്മാ സഭ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്

## വികസനവാരം - 2025

### പ്രസ്താവന

പ്രിയ അച്ചൻ/സർ/ഇടവകാംഗങ്ങളെ,

2025 ജൂലൈ മാസം 14 മുതൽ 20 വരെ വികസനവാരമായി ആചരിക്കുന്നതാണ്. സഭയുടെ വികസന വിഭാഗമായ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങളെ സഭാജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനും, പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും ഏവരുടേയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും വികസനവാര ആചരണം സഹായകരമാണ്. പ്രസിഡന്റ് തിരുമേനിയുടെ കല്പന ഇതോടൊപ്പം അയയ്ക്കുന്നു. താഴെ പറയുന്ന വിവിധ തരത്തിലുള്ള കർമ്മ പരിപാടികൾ വികാരിയുടെ ചുമതലയിൽ വികസന സംഘം പ്രവർത്തകരുടെ നേതൃത്വത്തിലും ഇടവക ചുമതലക്കാരുടെ സഹകരണത്തിലും നടത്തുവാൻ ഉത്സാഹിക്കേണമേ.

**വികസന സംഘങ്ങൾ പ്രാദേശിക തലത്തിൽ നടപ്പിലാക്കുവാൻ സാധിക്കുന്ന പ്രായോഗികമായ ചില നിർദ്ദേശങ്ങൾ :**

1. വികസനസംഘങ്ങളുടെ രൂപീകരണവും കേന്ദ്ര രജിസ്ട്രേഷനും
2. വികസനവാരത്തിൽ ഇടവകയിലെയും ഇടവകാതിർത്തിയിലെയും ഭവനങ്ങൾ സന്ദർശിക്കുക.
3. വികസന ഞായറാഴ്ചയിൽ വിഷയാസ്പദമായ പൊതുപരിപാടി സംഘടിപ്പിക്കുക. **സുസ്ഥിരവികസനം പ്രാദേശിക തലങ്ങളിൽ** എന്ന വിഷയത്തെ അധികരിച്ചുള്ള പഠന ക്ലാസുകളും പരിശീലനകളരികളും.
4. ഇടവകയിലോ, പരിസരങ്ങളിലോ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് സൗജന്യ ട്യൂഷൻ.
5. ഊർജ്ജസംരക്ഷണം, സൗരോർജ്ജ ഉപയോഗത്തെക്കുറിച്ചുള്ള ബോധവല്ക്കരണം, സൗരോർജ്ജ പാനൽ വിതരണം.
6. ജലസ്രോതസ്സുകളുടെ സംരക്ഷണവും കിണർ റീചാർജ്ജിംഗ് പരിശീലനവും.
7. ജൈവ-അജൈവ മാലിന്യങ്ങളുടെ തരംതിരിക്കൽ, അവയുടെ പുനരുപയോഗം, സംസ്ക്കരണം അതിനായുള്ള പരിശീലനക്കളരികൾ.
8. ഇടവകപരിസരങ്ങളിൽ കൂട്ടുകൃഷിയും വിപണനസൗകര്യങ്ങളും.
9. നൈപുണ്യപരിശീലനപരിപാടികൾ (ബേസിക് കംപ്യൂട്ടർ കോഴ്സ്, തയ്യൽ എംബ്രോയിഡറി, ഗ്ലാസ് പെയിന്റിംഗ്, ക്രാഫ്റ്റ്, ക്ലീനിംഗ് & ഹൈജീൻ കിറ്റ് നിർമ്മാണം, ഓർഗാനിക് ഫാമിംഗ്, തേനീച്ച കൃഷി, കൂൺ കൃഷി തുടങ്ങിയവ).
10. ഇലക്ട്രോണിക് മീഡിയ, മദ്യപാനം, ലഹരിവസ്തുക്കൾ എന്നിവക്കെതിരെയുള്ള വിമുക്തി പ്രവർത്തനങ്ങളും, കൂട്ടായ്മയും (ഉദാ: AA കൂട്ടായ്മ).
11. വിവിധ പ്രായത്തിലുള്ളവർക്ക് കൗൺസിലിംഗ് സേവനങ്ങൾ.

(മറുപുറം)

12. ഇടവകപരിസരങ്ങളിൽ ഡേ-കെയർ സെന്റർ/പകൽവീട് (കുട്ടികൾക്കും മുതിർന്നവർക്കുമായി).

13. ഉപയോഗശൂന്യമായ വസ്തുക്കളുടെ പുനരുപയോഗം (തുണിത്തരങ്ങൾ, പ്ലാസ്റ്റിക് വസ്തുക്കൾ, ചില്ലുപാത്രങ്ങൾ).

14. വിവിധ പ്രായത്തിലുള്ള, വ്യത്യസ്ത മേഖലകളിൽ പ്രാവീണ്യമുള്ള വോളന്റീയേഴ്സ് സംഘങ്ങളുടെ രൂപീകരണം (Bystander, Blood Donors, Drivers, Electricians, Plumbers, Teachers, Medical & Paramedical Staff, Youths, Professional Social Workers).

15. കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ സഹായത്തോടെ നടപ്പിലാക്കുന്ന സാമൂഹ്യ സഹായ പദ്ധതികളെക്കുറിച്ചുള്ള ബോധവല്ക്കരണ പരിപാടികൾ.

16. സ്വയംസഹായ സമിതികളുടെ രൂപീകരണം (SHG).

17. പരിപാടികളുടെയും വരവ് ചെലവുകളുടെയും കൃത്യമായുള്ള പ്രമാണീകരണം (Documentation).

18. ഇടവക, സെന്റർ, ഭദ്രാസന, കേന്ദ്രവികസനസംഘം പരിപാടികളുടെ പങ്കാളിത്തം.

ഈ സംരംഭത്തിൽ ബഹുമാനപ്പെട്ട അച്ചന്റെയും വികസനസംഘാംഗങ്ങളുടെയും പ്രത്യേക താത്പര്യവും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**റവ. ഷിബു സാമുവൽ**
ജനറൽ സെക്രട്ടറി
ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്

തിരുവല്ല
30-06-2025